രാഷ്ട്രീയ അക്രമ സംഭവങ്ങൾ

68 (1002) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാഷ്ട്രീയ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട് ; അനുവദിച്ച തുകയിൽ എത്ര രൂപ കൊടുത്തു തീർത്തു ; ഏതൊക്കെ രാഷ്ട്രീയ പാർട്ടിക്ക് എത്ര രൂപ വീതം നഷ്ടപരിഹാരമായി അനുവദിച്ചു ;

(ബി) കണ്ണൂർ ടൗൺ സ്റ്റേഷൻ പരിധിയിൽ 5-12-2000 തീയതിയിൽ തളാപ്പ് ബ്രൈറ്റ് വില്ല എന്ന വീടിന് നേരെ നടന്ന അക്രമ (ക്രൈം നം. 746/2000) ത്തിനെതിരെ ഏത് വകുപ്പു പ്രകാരമാണ് കേസ് ചാർജ്ജ് ചെയ്തത് ; സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ആക്രമണം നടത്തി എന്ന് എഫ്.ഐ.ആർ. രേഖപ്പെടുത്തിയിട്ടുണ്ടോ ; പ്രതികൾക്ക് എതിരെ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചതിന് കേസ് നിലവിൽ ഉണ്ടോ ;

(സി) അന്വേഷണ ഉദ്യോഗസ്ഥർ പ്രതികളെ രക്ഷിക്കുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവർക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നം. 746/2000 യു/എസ്. 143, 147, 148, 452, 427 ആർ/ഡബ്ല്യൂ 149 ഐ.പി.സി. ആന്റ് സെക്ഷൻ 385 ഓഫ് എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ ബോംബ് എറിഞ്ഞതായോ സ്ഫോടനം നടന്നതായോ വെളിവായിട്ടില്ലാത്തതിനാലും സ്കൂട്ടറും വരാന്തയിൽ സൂക്ഷിച്ചിരുന്ന മിനറൽ വാട്ടർ പെട്ടികളും പെട്രോൾ ഒഴിച്ച് തീവെച്ച് ഭാഗികമായി നശിപ്പിച്ചതായി വെളിവായതിനാലും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് കുറവു ചെയ്ത് സെക്ഷൻ 435 ചേർത്ത് അന്വേഷണം നടത്തി പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വൈക്കത്ത് ക്ഷേത്രത്തിന് സമീപം സെമിത്തേരി

69 (1003) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം വൈക്കത്ത് എസ്. എൻ.ഡി.പി. യോഗംവക ക്ഷേത്രത്തിന് സമീപത്ത് സെമിത്തേരി സ്ഥാപിച്ചത് സംബന്ധിച്ച് എസ്.എൻ.ഡി.പി. യോഗത്തിന്റെ ആഭിമുഖ്യത്തിൽ സമരംനടത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly